ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 07.08.2024** **പ്രധാന വാർത്തകൾ** **TIME : 12.50 PM**

1. ത്രിരാഷ്ട്ര സന്ദർശനം തുടരുന്ന രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂസിലൻഡിൽ എത്തും.

   **President Droupadi Murmu will arrive in New Zealand today for a three day visit.**

2. ബിംസ്റ്റക് അംഗരാജ്യങ്ങൾ തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്രമന്ത്രി പീയുഷ് ഗോയൽ.

   **Union Minister Piyush Goyal said that India is committed to strengthening ties between BIMSTEC member countries.**

3. വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ കാണാതായവർക്ക് വേണ്ടി 9-ആം ദിനവും തിരച്ചിൽ തുടരുന്നു. കാണാതായ 152 പേരുടെ പട്ടിക സംസ്ഥാന സർക്കാർ പ്രസിദ്ധീകരിച്ചു.

   **Wayanad landslide: search continues for 9th day for those missing in the disaster. Kerala government has published the draft list of 152 missing persons.**

4. പാരീസ് ഒളിമ്പിക്സിൽ ഇന്ത്യക്ക് നിരാശയേകി വിനേഷ് ഫോഗട്ടിന് അയോഗ്യത. അയോഗ്യതയ്ക്ക് കാരണം ഭാരക്കൂടുതൽ.

   **Indian Wrestler Vinesh Phogat disqualified from Paris Olympics in the Women’s Wrestling 50kg for being overweight.**

5. ഇന്ത്യയും ശ്രീലങ്കയും തമ്മിലുള്ള മൂന്നാം ഏകദിന ക്രിക്കറ്റ് മത്സരം ഇന്ന്.

**In Cricket, third and final ODI between India and Sri Lanka to be played this afternoon.**

&&&&&&&&&&&&&&&&

## HEADLINE – 1
## DROUPADI MURMU - TRI NATION VISIT

ത്രിരാഷ്ട്ര സന്ദർശനം തുടരുന്ന രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂസിലൻഡിൽ എത്തും. ന്യൂസിലൻസ് ഗവർണർ ജനറൽ സിൻഡി കിറോയുമായും, പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സനുമായും രാഷ്ട്രപതി കൂടിക്കാഴ്ച നടത്തും. ഇന്ത്യ-ന്യൂസിലൻറ് ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്താൻ സന്ദർശനം സഹായിക്കുമെന്നാണ് വിലയിരുത്തൽ. ന്യൂസിലൻഡിൽ നടക്കുന്ന വിദ്യാഭ്യാസ ഉച്ചകോടിയിൽ പങ്കെടുക്കുന്ന രാഷ്ട്രപതി ഇന്ത്യൻ വിദ്യാർത്ഥികളുമായും സംവദിക്കും. രണ്ട് ദിവസത്തെ ഫിജി സന്ദർശനം പൂർത്തിയാക്കിയാണ് ശ്രീമതി മുർമു ഓക്ക്-ലൻഡിലെത്തുന്നത്. ഫിജിയുടെ പരമോന്നത പുരസ്ക്കാരമായ കംപാനിയൻ ഓഫ് ദ ഓർഡർ ബഹുമതി രാഷ്ട്രപതി കഴിഞ്ഞ ദിവസം ഏറ്റുവാങ്ങിയിരുന്നു. ഫിജിയൻ പാർലമെന്റിനെയും ശ്രീമതി മുർമു അഭിസംബോധന ചെയ്തു. തലസ്ഥാനമായ സുവയിൽ ഇന്ത്യൻ സമൂഹം നൽകിയ സ്വീകരണത്തിലും രാഷ്ട്രപതി പങ്കെടുത്തു. ശനിയാഴ്ച തിമോർ - ലെസ്റ്റെയും ശ്രീമതി മുർമു സന്ദർശിക്കും.

&&&&&&&&&&&&&&&&

## HEADLINE – 2
## BIMSTEC - GOYAL

ബിംസ്റ്റക് അംഗരാജ്യങ്ങൾ തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്രമന്ത്രി പീയുഷ് ഗോയൽ. എല്ലാ രാജ്യങ്ങളുടെയും സുഹൃത്തായിരിക്കാനാണ് ഇന്ത്യ താല്പര്യപ്പെടുന്നത്. ആഗോള ക്ഷേമത്തിനും സമൃദ്ധിക്കുമായി എല്ലാ രാജ്യങ്ങളും ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്ന് അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ നടക്കുന്ന ബിംസ്റ്റക് വ്യാപാര ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു കേന്ദ്ര മന്ത്രി. ബിംസ്റ്റക് രാജ്യങ്ങൾ തമ്മിലുള്ള വ്യാപാരം മെച്ചപ്പെടുത്താൻ സാധ്യമായതെല്ലാം ചെയ്യണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

&&&&&&&&&&&&&&&&

## HEADLINE – 3
## WAYANAD - INTRO

വയനാട് ദുരന്തത്തിൽ കാണാതായവർക്ക് വേണ്ടിയുള്ള തിരച്ചിൽ ഊർജിതമായി തുടരുന്നു. സൂചിപ്പാറ വെള്ളച്ചാട്ടത്തിനു സമീപമുള്ള സൺറൈസ് വാലിയിലാണ് ഇന്ന് ദൗത്യസംഘത്തിൻറെ നേതൃത്വത്തിൽ തെരച്ചിൽ നടക്കുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ് ..**

(വോയ്സ്)

&&&&&&&&&&&&&&&&

## HEADLINE – 3 (A)
## WAYANAD MISSING

വയനാട് ഉരുൾപൊട്ടലിൽ കാണാതായ 152 പേരുടെ കരട് പട്ടിക സംസ്ഥാനസർക്കാർ പ്രസിദ്ധീകരിച്ചു. 224 മരണമാണ് സർക്കാർ ഇതുവരെ ഔദ്യോഗികമായി സ്ഥിരീകരിച്ചത്. തിരിച്ചറിയാത്ത മൃതദേഹങ്ങൾ സംസ്കരിക്കുന്നതിനായി 25 സെൻറ് ഭൂമി കൂടി ഏറ്റെടുത്തതായി റവന്യൂമന്ത്രി കെ.രാജൻ അറിയിച്ചു.

&&&&&&&&&&&&&&&&

## BANGLADESH - INTERIM GOVT

ബംഗ്ലാദേശിൽ ഇടക്കാല സർക്കാരിൻറെ തലവനായി നൊബേൽ സമ്മാന ജേതാവ് മൊഹമ്മദ് യുനുസിനെ നിയമിച്ചു. ധാക്കയിൽ മൂന്ന് സൈനിക മേധാവികളുമായും, വിവേചന വിരുദ്ധ വിദ്യാർത്ഥി പ്രസ്ഥാനത്തിൻറെ 13 അംഗ പ്രതിനിധി സംഘവുമായി പ്രസിഡൻറ് മുഹമ്മദ് ഷഹാബുദ്ദീൻ നടത്തിയ ചർച്ചകൾക്ക് ശേഷമാണ് തീരുമാനം. ഇടക്കാല സർക്കാറിലെ മറ്റ് അംഗങ്ങളെ വിവിധ രാഷ്ട്രീയ കക്ഷികളുമായുള്ള ചർച്ചയ്ക്ക് ശേഷം തീരുമാനിക്കും. വിദ്യാർത്ഥി പ്രക്ഷോഭം ശക്തമായ സാഹചര്യത്തിൽ പ്രധാനമന്ത്രിപദം രാജി വച്ച് ഷേഖ് ഹസീന രാജ്യം വിട്ട പശ്ചാത്തലത്തിലാണ് നടപടികൾ. സൈനിക തലപ്പത്തും മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. മേജർ ജനറൽ സിയാ ഉൾ അഹ്സനെ ചുമതലകളിൽ നിന്നും മാറ്റിയതിന് പുറമേ, ലഫ്റ്റനൻറ് ജനറൽ സെയ്ഫുൾ ഇസ്ലാമിനെ വിദേശ മന്ത്രാലയത്തിലേക്കും സ്ഥലം മാറ്റി. വീട്ടുതടങ്കലിലായിരുന്ന മുൻ പ്രധാനമന്ത്രി ഖാലിദ സിയയെയും മോചിപ്പിച്ചു. എന്നാൽ ബംഗ്ലദേശിൽ അക്രമസംഭവങ്ങൾക്ക് ശമനമായിട്ടില്ല. പ്രക്ഷോഭങ്ങളിൽ 20 അവാമി ലീഗ്

നേതാക്കൾ ഉൾപ്പെടെ 29 പേരുടെ മൃതദേഹങ്ങൾ കണ്ടെടുത്തതായി റിപ്പോർട്ട്. ജൊഷോർ ജില്ലയിൽ അവാമി ലീഗ് നേതാവിൻറെ ഹോട്ടൽ തീവെച്ചതിനെത്തുടർന്ന് 24 പേർ കൊല്ലപ്പെട്ടു. ജൂലൈ പകുതി മുതൽ നടക്കുന്ന പ്രക്ഷോഭങ്ങളിൽ 440-ഓളം മരണമാണ് ബംഗ്ലാദേശിൽ റിപ്പോർട്ട് ചെയ്യ്തത്. ധാക്കയിലെ ഇന്ത്യൻ ഹൈ കമ്മീഷനിലെ അവശ്യ ജീവനക്കാരൊഴികെയുള്ളവരും, കുടുംബങ്ങളും ഇന്ത്യയിലേക്ക് മടങ്ങിയിട്ടുണ്ട്. ഹൈക്കമ്മീഷനിലെ നയതന്ത്രജ്ഞർ ബംഗ്ലാദേശിൽ തുടരും.

&&&&&&&&&&&&&&&&

## MEA LIBYA ADVISORY

ലിബിയയിലേക്ക് അത്യാവശ്യമല്ലാത്ത യാത്രകൾ ഒഴിവാക്കണമെന്ന് വിദേശകാര്യമന്ത്രാലയം ഇന്ത്യൻ പൗരൻമാർക്ക് നിർദ്ദേശം നൽകി. ലിബിയയിലെ സ്ഥിതിഗതികൾ കണക്കിലെടുത്താണിത്. ലിബിയയിലുള്ള ഇന്ത്യക്കാർ ജാഗ്രത പുലർത്തണമെന്നും റോഡ് മാർഗമുള്ള പ്രവിശ്യാന്തര യാത്രകൾ ഒഴിവാക്കണമെന്നും നിർദ്ദേശമുണ്ട്. അടിയന്തര ഘട്ടത്തിൽ ട്രിപ്പോളിയിലെ ഇന്ത്യൻ നയതന്ത്രകാര്യാലയവുമായി ബന്ധപ്പെടാം. ഫോൺ നമ്പർ + 21 89 43 99 20 46.

&&&&&&&&&&&&&&&&

## HEADLINE – 4
## OLYMPICS

പാരീസ് ഒളിമ്പിക്സിൽ ഇന്ത്യക്ക് കടുത്ത നിരാശയേകി ഫ്രീ സ്റ്റൈൽ ഗുസ്തി 50 കിലോഗ്രാം വിഭാഗത്തിൽ വിനേഷ് ഫോഗട്ട് അയോഗ്യയായി. ഫൈനൽ മത്സരം ഇന്ന് നടക്കാനിരിക്കേ രാവിലെ നടന്ന ഭാരപരിശോധനയിൽ,

നിശ്ചിത ഭാരത്തെക്കാൾ, ഏതാനും ഗ്രാമുകൾ കൂടിയതാണ് അയോഗ്യതയ്ക്ക് കാരണമായത്. ഇതോടെ ഈ ഇനത്തിൽ ഇന്ത്യക്ക് മെഡൽ നഷ്ടമായി. ഇന്ത്യൻ ചരിത്രത്തിൽ ആദ്യമായാണ് ഗുസ്തിയിൽ ഒരു വനിതാ താരം ഒളിമ്പിക്സ് ഫൈനലിൽ പ്രവേശിക്കുന്നത്. അതേസമയം ഇന്ന് നടക്കുന്ന ടേബിൾ ടെന്നീസ് മത്സരത്തിൽ മണിക ബത്ര, ശ്രീജ ആകുല, അർച്ചന കമത് എന്നിവർ മത്സരിക്കും. 49 കിലോഗ്രാം ഭാരദ്വഹനത്തിൽ ഇന്ത്യയുടെ മീരാബായ് ചാനു ഇന്ന് മത്സരത്തിന് ഇറങ്ങും. വനിതകളുടെ 53 കിലോഗ്രാം ഫ്രീ സ്റ്റൈൽ ഗുസ്തിയിൽ അന്തിം പങ്കൽ ഇന്ന് മത്സരിക്കും. അത്ലറ്റിക്സിൽ പുരുഷന്മാരുടെ ഹൈ ജമ്പ്, ട്രിപ്പിൾ ജമ്പ് ഇനങ്ങളിലും വനിതകളുടെ ജാവലിൻ ത്രോ, 100 മീറ്റർ ഹർഡിൽസ് എന്നിവയിലും ഇന്ത്യൻ താരങ്ങൾ ഇന്ന് മത്സരിക്കും.

&&&&&&&&&&&&&&&&

## MANU BHAKER- WELCOME

പാരിസ് ഒളിമ്പിക്സിലെ ഇരട്ട മെഡൽ ജേതാവും ഇന്ത്യയുടെ അഭിമാന ഷൂട്ടിങ് താരവുമായ മനു ഭാക്കറിന് ന്യൂഡൽഹിയിൽ ആവേശകരമായ വരവേൽപ്. ഡൽഹി വിമാനത്താവളത്തിൽ മടങ്ങിയെത്തിയ മനുവിന് കേന്ദ്ര കായിക മന്ത്രാലയവും ആരാധകരും ചേർന്നാണ് വരവേൽപ് നൽകിയത്.

&&&&&&&&&&&&&&&&

## VP- PM- HANDLOOM DAY

ഇന്ന് ദേശീയ കൈത്തറി ദിനം. കൈത്തറി മേഖലയുടെ പ്രാധാന്യവും, രാജ്യത്തിന്റെ സാമൂഹ്യ - സാമ്പത്തിക വികസനത്തിൽ മേഖലയുടെ സംഭാവനകളെയും കുറിച്ച്

അവബോധം സൃഷ്ടിക്കുകയാണ് ദിനാഘോഷത്തിലൂടെ ലക്ഷ്യമിടുന്നത്. ദേശീയ കൈത്തറി ദിനത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ നടക്കുന്ന പരിപാടിയിൽ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, സന്ത് കബീർ പുരസ്കാരങ്ങൾ വിതരണം ചെയ്യും. കൈത്തറി മേഖലയിലെ മികച്ച സംഭാവനകൾക്കു ള്ളദേശീയ കൈത്തറി പുരസ്കാരങ്ങളും ചടങ്ങിൽ സമ്മാനിക്കും. രാജ്യമെമ്പാടുമുള്ള ആയിരത്തിലധികം നെയ്ത്തുകാർ പരിപാടിയിൽ പങ്കെടുക്കും. ദേശീയ കൈത്തറി ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയും ആശംസകൾ നേർന്നു. കൈത്തറി മേഖലയിലെ രാജ്യത്തിൻറെ സമ്പന്നമായ പാരമ്പര്യത്തിൽ ആത്മാഭിമാനം കൊള്ളുന്നതായി പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&

## LS – IT

രാജ്യത്തെ എല്ലാ പൗരന്മാർക്കും വിവര സാങ്കേതിക വിദ്യയുടെ ഗുണഫലങ്ങൾ ലഭിക്കുന്നു എന്ന് ഉറപ്പാക്കുന്നതിനായി ടയർ രണ്ട്, മൂന്ന് നഗരങ്ങളിൽ ഐടി ഇൻഡസ്ട്രികൾ സ്ഥാപിക്കുമെന്ന് കേന്ദ്ര സർക്കാർ. ലോക്സഭയിൽ കേന്ദ്ര സഹമന്ത്രി ജിതിൻ പ്രസാദ രേഖാമൂലം നൽകിയ മറുപടിയിലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്. ഗ്രാമീണ മേഖലയിൽ ഡിജിറ്റൽ കണക്റ്റിവിറ്റി വർധിപ്പിക്കുന്നതിനും ഐടി ഹബ്ബുകൾ സ്ഥാപിക്കുന്നതിനും കൂടുതൽ പദ്ധതികൾ ആസൂത്രണം ചെയ്യുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

&&&&&&&&&&&&&&&&

## LS RENEWABLE ENERGY

രാജ്യത്തെ പുനരുപയോഗ ഊർജ ശേഷി 203 ഗിഗാ വാട്ടിലെത്തിയെന്ന് കേന്ദ്രമന്ത്രി പ്രൾഹാദ് ജോഷി. ഇതിനുപുറമെ 115 ഗിഗാ വാട്ട് ശേഷി വരുന്ന ഊർജ പ്ലാന്റുകൾ നിർമാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണെന്നും അദ്ദേഹം ചോദ്യോത്തരവേളയിൽ ലോക്സഭയിൽഅറിയിച്ചു.

&&&&&&&&&&&&&&&&

## RBI- INTEREST SUBVENTION

ഹ്രസ്വകാല കാർഷിക വായ്പകൾക്ക് പലിശയിളവ് നൽകാനുള്ള കേന്ദ്ര സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, കർഷകർക്ക് ഏഴ് ശതമാനം പലിശയിൽ മൂന്ന് ലക്ഷം രൂപ വരെയുള്ള വായ്പകൾ അനുവദിക്കാൻ ബാങ്കുകൾക്ക് നിർദേശം നൽകി റിസർവ് ബാങ്ക്. 2024-25 സാമ്പത്തിക വർഷത്തിലെ വായ്പാ പലിശയിളവ് 1.5 ശതമാനമാക്കിയിട്ടുണ്ട്. കൂടാതെ വായ്പ കൃത്യമായി തിരിച്ചടക്കുന്ന കർഷകർക്ക് മൂന്ന് ശതമാനം അധിക പലിശയിളവ് കൂടി അനുവദിക്കുമെന്നും റിസർവ് ബാങ്ക് അറിയിച്ചു.

&&&&&&&&&&&&&&&&

## CBI-COACHING DEATH

ഡൽഹിയിൽ സിവിൽ സർവീസ് പരിശീലന കേന്ദ്രത്തിൽ ഉണ്ടായ വെള്ളക്കെട്ടിൽ വീണ് മൂന്ന് വിദ്യാർത്ഥികൾ മരിച്ചതുമായി ബന്ധപ്പെട്ട കേസ് സിബിഐ ഏറ്റെടുത്തു. ഡൽഹി പോലീസായിരുന്നു ഇതുവരെ കേസ് അന്വേഷിച്ചിരുന്നത്. സംഭവം അന്വേഷിക്കാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം പ്രത്യേക സമിതി രൂപീകരിച്ചിരുന്നു. സംഭവത്തിന്റെ യഥാർത്ഥ കാരണം, ഉത്തരവാദികൾ ആരൊക്കെ തുടങ്ങിയ വിഷയങ്ങളാണ് സമിതി അന്വേഷിക്കുന്നത്.

&&&&&&&&&&&&&&&&&

## MANIPUR- CURFEW

ബംഗ്ലാദേശിൽ നിന്നുള്ള അനധികൃത കുടിയേറ്റം ഒഴിവാക്കാൻ മണിപ്പൂരിലെ അതിർത്തി ജില്ലകളായ ഫെർസാവാൾ, ഗിരിബം എന്നിവിടങ്ങളിൽ സംസ്ഥാന സർക്കാർ രാത്രികാല കർഫ്യു ഏർപ്പെടുത്തി. തോക്ക്, വാൾ ഉൾപ്പെടെയുള്ള മാരകായുധങ്ങൾ കയ്യിൽ കരുതുന്നതിനും വിലക്കുണ്ട്.

&&&&&&&&&&&&&&&&&

## HEADLINE – 5

## CRICKET - ODI

ഇന്ത്യയും ശ്രീലങ്കയും തമ്മിലുള്ള മൂന്നാം ഏകദിന ക്രിക്കറ്റ് മത്സരം ഇന്ന്. കോളംബോയിലെ ആർ പ്രേമദാസ സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് 2.30 നാണ് മത്സരം ആരംഭിക്കുക. രണ്ടാം ഏകദിനം ജയിച്ച ശ്രീലങ്ക പരമ്പരയിൽ 1-0 ത്തിന് മുന്നിലാണ്. ആദ്യ മത്സരം സമനിലയിൽ കലാശിച്ചിരുന്നു.

&&&&&&&&&&&&&&&&&

## IMD-WEATHER

ഹിമാചൽ പ്രദേശിലും ഉത്തരാഖണ്ഡിലും അടുത്ത നാല് ദിവസം വ്യാപകമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഹിമാചൽ പ്രദേശ്, പടിഞ്ഞാറൻ ഉത്തർപ്രദേശ്, കിഴക്കൻ മധ്യപ്രദേശ് എന്നിവിടങ്ങളിൽ അതിശക്തമായ മഴയ്ക്കും സാധ്യതയുണ്ട്.

&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&